**14-ാം കേരള നിയമ സഭ**

**13-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2245 05-12-2018 -ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ തൊഴിലാളികൾക്ക് എം.ഒ.യു. പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ മന്ത്രി)** |
| (എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ തൊഴിലാളികൾക്ക് എം.ഒ.യു. പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (എ) ഉറപ്പ് വരുത്തിയിട്ടുണ്ട് |
| (ബി) എം.ഒ.യു. പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;<br><br>(സി) ഇ.എസ്.ഐ തൊഴിലാളികൾക്ക് സൗജന്യ ഭക്ഷണം കുടുംബശ്രീ വഴി നൽകാനുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ;<br><br>(ഡി) ഇ.എസ്.ഐ തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ.ഡിസ്പെൻസറി സ്ഥാപിക്കുവാനുള്ള നടപടികളും ആയതിലെ പുരോഗതിയും വ്യക്തമാക്കാമോ? | (ബി) (സി) & (ഡി) ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും ലഭ്യമാക്കുന്നതിനായി പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് കോമ്പൗണ്ടിലെ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഡിസ്പെൻസറിയിൽ നിന്നും റെഫർ ചെയ്യുന്ന ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ആവശ്യമായ ചികിത്സ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നൽകി വരുന്നുണ്ട്. റെഫർ ചെയ്യ കേസുകളിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമല്ലാത്തവയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേക്ക് റഫറൻസ് നൽകുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമല്ലാത്ത |

ചികിത്സ ഇ.എസ്.ഐ ഗുണഭോക്താവ് ഏതെങ്കിലും എംപാനൽഡ് ആശുപത്രിയിൽ നിന്നും തേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ ടി ഇ.എസ്.ഐ ഗുണഭോക്താവിനാവശ്യമായ റഫറൻസ് പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും നൽകുന്നുണ്ട്. ഇ.എസ്.ഐ ഗുണഭോക്താക്കൾക്കാവശ്യമായ മരുന്നുകൾ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഫാർമസിയിൽ നിന്നും നൽകുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്ന ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ നടത്തുന്ന ക്യാന്റീൻ മുഖേന സൗജന്യ ഭക്ഷണവിതരണം നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**